# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 112 23.01.2018- ൽ മറുപടിയ്ക്ക്

### പ്രവാസികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. മുരളീധരൻ** | **ശ്രീ. പിണറായി വിജയൻ** <br> ***(മുഖ്യമന്ത്രി)*** |
| എ) സൗദി അറേബ്യയിൽ സ്വദേശി വൽക്കരണം കർശനമായി നടപ്പിലാക്കിയത് മൂലം ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക-റൂട്ട്സ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | എ) സൗദി അറേബ്യയിൽ സ്വദേശി വൽക്കരണം നടപ്പിലാക്കിയതു മൂലം ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്നവരുൾപ്പെടെ തിരിച്ചു വരുന്ന മറ്റ് പ്രവാസികൾക്കു കൂടി ബാധകമാകുന്ന രീതിയിൽ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. <br><br> NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു. <br><br> 1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും മൂലധന സബ്സിഡി നല്കുകയും ചെയ്യുക. <br><br> 2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടി ക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക.<br>3. തിരികെയെത്തിയ പ്രവാസികളുടെ ജീവിത മാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരധിവാസ പദ്ധതി പ്രകാരം ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്രപേർക്ക് വായ്പ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 23749 പേർ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിക്കായി നോർക്ക-റൂട്ട്സ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ ബാങ്ക് വായ്പയെടുത്ത 664 ഉപഭോക്താക്കൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സബ്സിഡി അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായ കണക്കുകൾ ബാങ്കുകളിൽ നിന്ന് ശേഖരിച്ചു വരുന്നു. |
| സി) | അപേക്ഷകൾ തീർപ്പാക്കുന്നതിൽ നോർക്ക റൂട്ട്സ് അലംഭാവം കാണിക്കുന്നുവെന്നും വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾ കാലതാമസം വരുത്തുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തി പ്രവാസികളുടെ പുനരധിവാസം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) | അപേക്ഷകരുടെ വ്യക്തിപരമായ രേഖകളും മറ്റ് നിബന്ധനകളുമനുസരിച്ചുള്ള രേഖകളും പരിശോധിക്കുന്ന കാര്യത്തിൽ നോർക്ക-റൂട്ട്സിന്റെ ഭാഗത്ത് നിന്നും അലംഭാവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അസ്വീകാര്യത, കാര്യക്ഷമതയില്ലായ്മ എന്നിവ കൊണ്ടും ബാങ്കുകളുടെ ചില നിബന്ധനകൾ കാരണവും വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകളുടെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടാകുന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിനായി നിരന്തരം ബാങ്കുകളുമായി കത്തിടപാടുകൾ നടത്തുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകവും മികവുറ്റതുമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ